**ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു**

ദൂത് അഞ്ച്

## മുന്തിരിവള്ളിയുടെ ദേശം

RM *Hymns:* ML396, E445

തിരുവെഴുത്ത് വായന: ഫിലി. 2:17; ഉല്പ. 35:14; 2 തിമൊ. 4:6

Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

Gen. 35:14 അവൻ തന്നോടു സംസാരിച്ചേടത്തു യാക്കോബ് ഒരു കൽത്തൂൺ നിർത്തി; അതിന്മേൽ ഒരു പാനീയയാഗം ഒഴിച്ചു എണ്ണയും പകർന്നു.

2 Tim. 4:6 ഞാൻ ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ സമയം അടുത്തിരിക്കുന്നു.

**I. മുന്തിരിവള്ളി ത്യാഗംചെയ്യുന്ന ക്രിസ്തുവിനെ, തന്റേതായ സകലതും ത്യാഗംചെയ്ത ക്രിസ്തുവിനെ മുൻകുറിക്കുന്നു, അവന്റെ ത്യാഗത്തിൽനിന്ന് അവൻ ദൈവത്തെയും മനുഷ്യനെയും സന്തോഷിപ്പിക്കുന്ന പുതുവീഞ്ഞ് ഉളവാക്കി—ആവ. 8:8; ന്യായാ. 9:13; സങ്കീ. 104:15a:**

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Judg. 9:13 മുന്തിരിവള്ളി അവയോടു: ദൈവത്തെയും മനുഷ്യനെയും ആനന്ദിപ്പിക്കുന്ന എന്റെ രസം ഞാൻ ഉപേക്ഷിച്ചു വൃക്ഷങ്ങളുടെമേൽ ആടുവാൻ പോകുമോ എന്നു പറഞ്ഞു.

Psa. 104:15a ...മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞും...

A. ദൈവത്തെയും മറ്റുള്ളവരെയും സന്തോഷിപ്പിക്കുവാൻ തന്നെത്തന്നെ ത്യാഗംചെയ്ത വീഞ്ഞുല്പാദകനാണ് ക്രിസ്തു.

B. മുന്തിരിവള്ളിയെന്ന നിലയിൽ ദൈവത്തിനുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും ക്രിസ്തു സന്തോഷം ഉല്പാദിപ്പിക്കുന്നു.

**II. മുന്തിരിവള്ളിയാൽ മുൻകുറിക്കപ്പെടുന്ന ക്രിസ്തുവിനെ നാം ബന്ധപ്പെടുകയും അവന്റെ ത്യാഗംചെയ്യുന്ന ജീവനെ അനുഭവമാക്കുകയും ചെയ്യുന്നുവെങ്കിൽ, മറ്റുള്ളവരെയും ദൈവത്തെയും സന്തോഷിപ്പിക്കുന്ന വീഞ്ഞുല്പാദിപ്പിച്ചുകൊണ്ട് ഒരു ത്യാഗംചെയ്യുന്ന ജീവിതം നയിക്കുവാൻ അവൻ നമ്മെ ഉത്തേജിപ്പിക്കും—റോമ. 12:1; എഫെ. 5:2; 2 കൊരി. 1:24:**

Rom. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

Eph. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ.

2 Cor. 1:24 നിങ്ങളുടെ വിശ്വാസത്തിന്മേൽ ഞങ്ങൾ കർത്തൃത്വം നടത്തുന്നു എന്നല്ല,

നിങ്ങളുടെ സന്തോഷത്തിനായി ഞങ്ങൾ നിങ്ങളോടുകൂടെ കൂട്ടുവേലക്കാരത്രേ; വിശ്വാസത്താലല്ലോ നിങ്ങൾ നിൽക്കുന്നത്.

A. കർത്താവിന്റെ സർവാധികാരത്തിൻകീഴിൽ മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നതിന് നമ്മെത്തന്നെ ത്യാഗംചെയ്യുവാൻ ആവശ്യമായ സാഹചര്യങ്ങളിലേക്ക് നാം വയ്ക്കപ്പെടാം—റോമ. 12:1; എഫെ. 5:2:

Rom. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

Eph. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ.

1. അങ്ങനെയുള്ള ഒരു സാഹചര്യത്തിന്റെ മധ്യത്തിൽ നാം കർത്താവിനെ ബന്ധപ്പെടുന്നുവെങ്കിൽ, വീഞ്ഞുല്ലാദിപ്പിക്കുന്നവനെന്ന നിലയിൽ, ദൈവത്തെയും മറ്റുള്ളവരെയും സന്തോഷിപ്പിക്കുന്നവനായി നാം അവനെ അനുഭവമാക്കും—ഫിലി. 3:1.

   Phil. 3:1a ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിക്കുവിൻ....

2. മുന്തിരിവള്ളിയായ ക്രിസ്തുവിനെ അനുഭവമാക്കുന്നതിന്റെ ഫലം നാം അവനിലും അവനാലും അവനോടുകൂടെയും അവനിലൂടെയും ദൈവത്തെയും മനുഷ്യനെയും സന്തോഷിപ്പിക്കുന്നതായ ചിലത് ഉളവാക്കുന്ന ഒരു മുന്തിരിവള്ളിയായിത്തീരുന്നു എന്നാണ്.

B. അവന്റെ സർവാത്മകതയുടെ ഈ വശത്തിൽ നാം ക്രിസ്തുവിനെ അനുഭവമാക്കുന്നുവെങ്കിൽ, കുടിക്കുവാൻ നമുക്ക് ധാരാളം വീഞ്ഞുണ്ടായിരിക്കുകയും, നാം “മത്തരായിരിക്കുകയും” കർത്താവിലുള്ള സന്തോഷംകൊണ്ട് നിറഞ്ഞിട്ട് “ഉന്മത്തരായിരിക്കുകയും” ചെയ്യും—യോഹ. 15:11; പ്രവൃ. 5:41; 13:52; ഫിലി. 3:1; 4:4.

John. 15:11 എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കേണ്ടതിനും നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനും ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് സംസാരിച്ചിരിക്കുന്നു.

Acts. 5:41 അങ്ങനെ അവർ, ഈ നാമത്തെച്ചൊല്ലി അപമാനിക്കപ്പെടുവാൻ യോഗ്യരായി എണ്ണപ്പെട്ടതിൽ സന്തോഷിച്ചുകൊണ്ട്, സൻഹെദ്രിന്റെ സന്നിധിയിൽനിന്നു പോയി.

Acts. 13:52 ശിഷ്യന്മാരോ സന്തോഷത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞിരുന്നു.

Phil. 3:1a ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിക്കുവിൻ....

Phil. 4:4 കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ; വീണ്ടും ഞാൻ പറയും, സന്തോഷിക്കുവിൻ.

C. നമ്മിൽത്തന്നെ ഒരു ത്യാഗജീവിതം നയിക്കുവാൻ നാം പ്രാപ്തരല്ല, കാരണം നമ്മുടെ ജീവൻ ഒരു സ്വാഭാവിക ജീവൻ, ഒരു സ്വാർഥ ജീവൻ ആണ്—ഇയ്യോ. 2:4; മത്താ. 16:25:

Job. 2:4 സാത്താൻ യഹോവയോടു: ത്വക്കിന്നു പകരം ത്വക്; മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെ ജീവന്നു പകരം കൊടുത്തുകളയും.

Matt. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

1. ക്രിസ്തുവിന്റെ ജീവൻ മാത്രമാണ് ഒരു ത്യാഗത്തിന്റെ ജീവൻ.
2. മറ്റുള്ളവർക്ക് ആഹ്ലാദം കൊണ്ടുവരാനും അവരെ സന്തോഷിപ്പിക്കുവനും നമ്മെത്തന്നെ ത്യാഗംചെയ്യുവാൻ ഉത്തേജിപ്പിച്ചുകൊണ്ട്, ത്യാഗംചെയ്യുന്ന കുഞ്ഞാടെന്ന നിലയിൽ ക്രിസ്തു നമ്മിൽ ജീവിക്കുന്നു—2 കൊരി. 4:12; എഫെ. 5:2:

   2 Cor. 4:12 ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

   Eph. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ.

3. നാം കർത്താവിനെ ബന്ധപ്പെടുകയും അവന്റെ ത്യാഗപൂർണ്ണമായ ജീവനെ അനുഭവിക്കുകയും ചെയ്യുന്നുവെങ്കിൽ, ദൈവത്തിനു വേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും ത്യാഗംചെയ്യുവാൻ അവൻ നമ്മെ ഉത്തേജിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യും—യോഹ. 1:29; 20:22; 1 കൊരി. 15:45; 6:17; ഫിലി. 4:13; റോമ. 12:1; എഫെ. 5:2:

   John. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

   John. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

   1 Cor. 15:45b ... ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

   1 Cor. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

   Phil. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

   Rom. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

   Eph. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ..

   a. ക്രിസ്തുവിനെ അവന്റെ ത്യാഗപൂർണമായ ജീവനോടുകൂടെയുള്ള മുന്തിരിവള്ളിയായി നാം എത്രയധികം അനുഭവമാക്കുന്നുവോ, അത്രയധികം ദൈവത്തെയും മനുഷ്യരെയും സന്തോഷിപ്പിക്കുവാൻ നമ്മെത്തന്നെ ത്യാഗംചെയ്യുവാൻ നാം ഉത്തേജിക്കപ്പെടും.
   b. സന്തോഷവാനായ വ്യക്തി ഏറ്റവും നിസ്വാർഥനായ ഒരുവനാണെന്ന് മനസ്സിലാക്കിക്കൊണ്ട് സന്തോഷംകൊണ്ട് നാം “മത്തരാക്കപ്പെടും.”

c. നമ്മെ ബന്ധപ്പെടുന്നവർക്ക് നാം സന്തോഷം കൊണ്ടുവരുകയും, ദൈവത്തിന് നാം ആഹ്ലാദം കൊണ്ടുവരുകയും ചെയ്യും—2 കൊരി. 1:24; 5:13.

2 Cor. 1:24 നിങ്ങളുടെ വിശ്വാസത്തിന്മേൽ ഞങ്ങൾ കർത്തൃത്വം നടത്തുന്നു എന്നല്ല, നിങ്ങളുടെ സന്തോഷത്തിനായി ഞങ്ങൾ നിങ്ങളോടുകൂടെ കൂട്ടുവേലക്കാരത്രേ; വിശ്വാസത്താലല്ലോ നിങ്ങൾ നിൽക്കുന്നത്.

2 Cor. 5:13a ഞങ്ങൾ സുബോധമില്ലാത്തവർ ആയിരുന്നുവെങ്കിൽ, അത് ദൈവമുമ്പാകെ ആയിരുന്നു;...

**III. ക്രിസ്തുവിനെ വീഞ്ഞുല്ലാദിപ്പിക്കുന്ന മുന്തിരിവള്ളിയായി അനുഭവമാക്കുന്നതിലൂടെയും പുതു വീഞ്ഞായ അവനാൽ നിറയുന്നതിലൂടെയും അവനിലും അവനോടുകൂടെയും നാം ഒരു പാനീയയാഗമായിത്തീരുന്നു—ഉല്പ. 35:14; പുറ. 29:40-41; ഫിലി. 2:17; 2 തിമൊ. 4:6:**

Gen. 35:14 അവൻ തന്നോടു സംസാരിച്ചേടത്തു യാക്കോബ് ഒരു കൽത്തൂൺ നിർത്തി; അതിന്മേൽ ഒരു പാനീയയാഗം ഒഴിച്ചു എണ്ണയും പകർന്നു.

Exo. 29:40 ഇടിച്ചെടുത്ത കാൽഹീൻ എണ്ണ പകർന്നിരിക്കുന്ന ഒരു ഇടങ്ങഴി നേരിയ മാവും പാനീയയാഗമായി കാൽഹീൻ വീഞ്ഞും ആട്ടിൻകുട്ടിയോടുകൂടെ അർപ്പിക്കേണം.

Exo. 29:41 മറ്റെ ആട്ടിൻകുട്ടിയെ രാവിലത്തെ ഭോജനയാഗത്തിന്നും അതിന്റെ പാനീയയാഗത്തിന്നും ഒത്തവണ്ണം ഒരുക്കി സൗരഭ്യവാസനയായി യഹോവെക്കു ദഹനയാഗമായി വൈകുന്നേരത്തു അർപ്പിക്കേണം.

Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

2 Tim. 4:6 ഞാൻ ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ സമയം അടുത്തിരിക്കുന്നു.

A. ദൈവത്തിന്റെ സംതൃപ്തിക്കുവേണ്ടി ദൈവമുമ്പാകെ യഥാർഥ വീഞ്ഞായി ഒഴിക്കപ്പെട്ടവനായ ക്രിസ്തുവിനെ പാനീയയാഗം മുൻകുറിക്കുന്നു—പുറ. 29:40-41:

Exo. 29:40 ഇടിച്ചെടുത്ത കാൽഹീൻ എണ്ണ പകർന്നിരിക്കുന്ന ഒരു ഇടങ്ങഴി നേരിയ മാവും പാനീയയാഗമായി കാൽഹീൻ വീഞ്ഞും ആട്ടിൻകുട്ടിയോടുകൂടെ അർപ്പിക്കേണം.

Exo. 29:41 മറ്റെ ആട്ടിൻകുട്ടിയെ രാവിലത്തെ ഭോജനയാഗത്തിന്നും അതിന്റെ പാനീയയാഗത്തിന്നും ഒത്തവണ്ണം ഒരുക്കി സൗരഭ്യവാസനയായി യഹോവെക്കു ദഹനയാഗമായി വൈകുന്നേരത്തു അർപ്പിക്കേണം.

1. പാനീയയാഗം അടിസ്ഥാന യാഗങ്ങൾക്കു പുറമെയുള്ളതും, അത് അടിസ്ഥാന യാഗങ്ങളിലൊന്നിന്മേൽ ഒഴിക്കപ്പെട്ടതുമായിരുന്നു—സംഖ്യ 15:1-10; 28:7-10.

Num. 15:1 യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു:

Num. 15:2 നീ യിസ്രായേൽമക്കളോടു പറയേണ്ടതെന്തെന്നാൽ: ഞാൻ നിങ്ങൾക്കു തരുന്ന നിങ്ങളുടെ നിവാസദേശത്തു നിങ്ങൾ ചെന്നിട്ടു

Num. 15:3 ഒരു നേർച്ച നിവർത്തിപ്പാനോ സ്വമേധാദാനമായിട്ടോ നിങ്ങളുടെ ഉത്സവങ്ങളിലോ യഹോവെക്കു മാടിനെയാകട്ടെ ആടിനെയാകട്ടെ

ഹോമയാഗമായിട്ടെങ്കിലും ഹനനയാഗമായിട്ടെങ്കിലും യഹോവെക്കു സൗരഭ്യവാസനയാകുമാറു ഒരു ദഹനയാഗം അർപ്പിക്കുമ്പോൾ

Num. 15:4 യഹോവെക്കു വഴിപാടു കഴിക്കുന്നവൻ കാൽഹീൻ എണ്ണചേർത്ത ഒരിടങ്ങഴി മാവു ഭോജനയാഗമായി കൊണ്ടുവരേണം.

Num. 15:5 ഹോമയാഗത്തിന്നും ഹനനയാഗത്തിന്നും പാനീയയാഗമായി നീ ആടൊന്നിന്നു കാൽഹീൻ വീഞ്ഞു കൊണ്ടുവരേണം.

Num. 15:6 ആട്ടുകൊറ്റനായാൽ ഹീനിൽ മൂന്നിലൊന്നു എണ്ണചേർത്ത രണ്ടിടങ്ങഴി മാവു ഭോജനയാഗമായി കൊണ്ടുവരേണം.

Num. 15:7 അതിന്റെ പാനീയയാഗത്തിന്നു ഹീനിൽ മൂന്നിലൊന്നു വീഞ്ഞും യഹോവെക്കു സൗരഭ്യവാസനയായി അർപ്പിക്കേണം.

Num. 15:8 നേർച്ച നിവർത്തിപ്പാനോ യഹോവെക്കു സമാധാനയാഗം കഴിപ്പാനോ ഹോമയാഗത്തിന്നാകട്ടെ ഹനനയാഗത്തിന്നാകട്ടെ ഒരു കാളക്കിടാവിനെ കൊണ്ടുവരുമ്പോൾ

Num. 15:9 കിടാവിനോടുകൂടെ അരഹീൻ എണ്ണചേർത്ത മൂന്നിടങ്ങഴി മാവു ഭോജനയാഗമായിട്ടു അർപ്പിക്കേണം.

Num. 15:10 അതിന്റെ പാനീയയാഗമായി അരഹീൻ വീഞ്ഞു യഹോവെക്കു സൗരഭ്യവാസനയായ ദഹനയാഗമായി അർപ്പിക്കേണം.

Num. 28:7 അതിന്റെ പാനീയയാഗം കുഞ്ഞാടൊന്നിന്നു കാൽ ഹീൻ മദ്യം ആയിരിക്കേണം; അതു യഹോവെക്കു പാനീയയാഗമായി വിശുദ്ധമന്ദിരത്തിൽ ഒഴിക്കേണം.

Num. 28:8 മറ്റെ കുഞ്ഞാടിനെ വൈകുന്നേരത്തു യാഗം കഴിക്കേണം; അതിനെ രാവിലത്തെ ഭോജനയാഗവും അതിന്റെ പാനീയയാഗവുംപോലെ യഹോവെക്കു സൗരഭ്യവാസനയായ ദഹനയാഗമായി അർപ്പിക്കേണം.

Num. 28:9 ശബ്ബത്ത്നാളിലോ ഒരു വയസ്സു പ്രായമുള്ള ഊനമില്ലാത്ത രണ്ടു കുഞ്ഞാടിനെയും ഭോജനയാഗത്തിന്നായി എണ്ണചേർത്ത രണ്ടിടങ്ങഴി മാവും അതിന്റെ പാനീയയാഗവും അർപ്പിക്കേണം.

Num. 28:10 നിരന്തരഹോമയാഗത്തിന്നും അതിന്റെ പാനീയയാഗത്തിന്നും പുറമെ ഇതു ശബ്ബത്തുതോറുമുള്ള ഹോമയാഗം..

2. പാനീയയാഗത്തിന്റെ വീഞ്ഞ് ദൈവത്തിന്റെ സംതൃപ്തിക്കുവേണ്ടി ഒഴിക്കപ്പെട്ടു; അത് ദൈവത്തിനു കുടിക്കുവാൻ ഒഴിക്കപ്പെട്ടതായിരുന്നു—പുറ. 29:40-41:

Exo. 29:40 ഇടിച്ചെടുത്ത കാൽഹീൻ എണ്ണ പകർന്നിരിക്കുന്ന ഒരു ഇടങ്ങഴി നേരിയ മാവും പാനീയയാഗമായി കാൽഹീൻ വീഞ്ഞും ആട്ടിൻകുട്ടിയോടുകൂടെ അർപ്പിക്കേണം.

Exo. 29:41 മറ്റെ ആട്ടിൻകുട്ടിയെ രാവിലത്തെ ഭോജനയാഗത്തിന്നും അതിന്റെ പാനീയയാഗത്തിന്നും ഒത്തവണ്ണം ഒരുക്കി സൗരഭ്യവാസനയായി യഹോവെക്കു ദഹനയാഗമായി വൈകുന്നേരത്തു അർപ്പിക്കേണം.

a. ക്രിസ്തു തന്റെ ആളത്തം ദൈവത്തിനായി ഒഴിച്ചു—യെശ. 53:12.

Isa. 53:12 അതുകൊണ്ടു ഞാൻ അവന്നു മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും; ബലവാന്മാരോടുകൂടെ അവൻ കൊള്ള പങ്കിടും; അവൻ തന്റെ പ്രാണനെ മരണത്തിന്നു ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നുംകൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും

ചെയ്കയാൽ തന്നേ.

b. ദൈവത്തിന്റെ സന്തോഷത്തിനുവേണ്ടി ദൈവത്തിന് ഒഴിക്കപ്പെട്ട സ്വർഗീയ, ആത്മിക വീഞ്ഞാണ് ക്രിസ്തു; ദൈവത്തെ സന്തോഷിപ്പിക്കുവാൻ അവനെത്തന്നെ അവൻ വീഞ്ഞായി ഒഴിച്ചു.

B. പാനീയയാഗം തന്നിൽതന്നെയുള്ള ക്രിസ്തുവിനെ മാത്രമല്ല, പിന്നയോ ദൈവത്തിന്റെ ആസ്വാദനത്തിനും സംതൃപ്തിക്കും ദൈവത്തിന്റെ കെട്ടിടത്തിനും വേണ്ടി ഒഴിക്കപ്പെടുവാൻ അവനും നാമും ഒന്നായിത്തീരുന്നതുവരെ സ്വർഗീയ വീഞ്ഞായ അവനെക്കൊണ്ടുതന്നെ നമ്മെ സാന്ദ്രീകരിക്കുന്ന ക്രിസ്തുവിനെയും കൂടിയാണ് മുൻകുറിക്കുന്നത്—മത്താ. 9:17; ഫിലി. 2:17; 2 തിമൊ. 4:6:

Matt. 9:17 പുതിയ വീഞ്ഞ് പഴയ തുരുത്തികളിലും വയ്ക്കാറില്ല; അല്ലെങ്കിൽ തുരുത്തികൾ പൊളിഞ്ഞു, വീഞ്ഞു ഒഴുകിപ്പോകുകയും, തുരുത്തികൾ നശിച്ചു പോകുകയും ചെയ്യുന്നു; പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ വയ്ക്കുന്നത്, അങ്ങനെ രണ്ടും ഭദ്രമായിരിക്കുന്നു.

Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

2 Tim. 4:6 ഞാൻ ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ സമയം അടുത്തിരിക്കുന്നു.

1. അർപ്പിക്കുന്നവൻ സ്വർഗീയ വീഞ്ഞെന്ന നിലയിൽ ആസ്വദിക്കുന്ന ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ് പാനീയയാഗം, അത് അവനെ നിറയ്ക്കുകയും ദൈവത്തിന് വീഞ്ഞായിത്തീരുവാൻ അവനെ ഇടയാക്കുകയും ചെയ്യുന്നു—ഫിലി. 2:17:

Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

a. യാഗങ്ങളായി ക്രിസ്തുവിനെ അനുഭവമാക്കുന്നതിലൂടെ നാം ക്രിസ്തുവിനാൽ നിറയുകയും സാന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്ന വ്യക്തികളായിത്തീരുന്നു— എഫെ. 3:17; ഗലാ. 4:19.

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

Gal. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

b. യാഗങ്ങളെന്ന നിലയിൽ വ്യക്തിനിഷ്ഠമായി നാം അനുഭവമാക്കുന്ന ക്രിസ്തു ഹർഷോന്മാദത്തോടെ സന്തോഷവും ആനന്ദവുമുള്ളവരായിരിക്കുവാൻ ഇടയാക്കിക്കൊണ്ട് നമ്മിൽ വീഞ്ഞായിത്തീരുന്നു—മത്താ. 9:17; 2 കൊരി. 5:13.

Matt. 9:17 പുതിയ വീഞ്ഞ് പഴയ തുരുത്തികളിലും വയ്ക്കാറില്ല; അല്ലെങ്കിൽ തുരുത്തികൾ പൊളിഞ്ഞു, വീഞ്ഞു ഒഴുകിപ്പോകുകയും, തുരുത്തികൾ നശിച്ചു പോകുകയും ചെയ്യുന്നു; പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ

വയ്ക്കുന്നത്, അങ്ങനെ രണ്ടും ഭദ്രമായിരിക്കുന്നു.

2 Cor. 5:13a ഞങ്ങൾ സുബോധമില്ലാത്തവർ ആയിരുന്നുവെങ്കിൽ, അത് ദൈവമുമ്പാകെ ആയിരുന്നു; ...

c. ആത്യന്തികമായി, നാം സ്വർഗീയ വീഞ്ഞായ ക്രിസ്തുവിനാൽ സാന്ദ്രീകരിക്കപ്പെടുകയും, വീഞ്ഞുമായി ഒന്നാകുകയും, വീഞ്ഞായിത്തീരുകയും ചെയ്യുന്നു; ഇപ്രകാരം നാം പാനീയയാഗമാകുവാൻ യോഗ്യരാകുന്നു—മത്താ. 9:17; 2 കൊരി. 5:13; എഫെ. 5:2; ഫിലി. 2:17.

Matt. 9:17 പുതിയ വീഞ്ഞ് പഴയ തുരുത്തികളിലും വയ്ക്കാറില്ല; അല്ലെങ്കിൽ തുരുത്തികൾ പൊളിഞ്ഞു, വീഞ്ഞു ഒഴുകിപ്പോകുകയും, തുരുത്തികൾ നശിച്ചു പോകുകയും ചെയ്യുന്നു; പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ വയ്ക്കുന്നത്, അങ്ങനെ രണ്ടും ഭദ്രമായിരിക്കുന്നു.

2 Cor. 5:13a ഞങ്ങൾ സുബോധമില്ലാത്തവർ ആയിരുന്നുവെങ്കിൽ, അത് ദൈവമുമ്പാകെ ആയിരുന്നു;.

Eph. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ.

Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

2. പാനീയയാഗം ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണെന്ന് സൂചിപ്പിച്ചുകൊണ്ട് യാക്കോബ് ബെഥേലിലെ തൂണിന്മേൽ പാനീയയാഗം ഒഴിച്ചു—ഉല്പ. 35:14:

Gen. 35:14 അവൻ തന്നോടു സംസാരിച്ചേടത്തു യാക്കോബ് ഒരു കൽത്തൂൺ നിർത്തി; അതിന്മേൽ ഒരു പാനീയയാഗം ഒഴിച്ചു എണ്ണയും പകർന്നു.

a. ബെഥേലിൽ ഒഴിച്ച വീഞ്ഞ് ചക്കിൽനിന്നു നേരിട്ടുള്ള വീഞ്ഞല്ല; അത് ക്രിസ്തുവിനെ വീഞ്ഞായി ആസ്വദിക്കുകയും വീഞ്ഞായ ക്രിസ്തുവിനെക്കൊണ്ട് സാന്ദ്രീകരിക്കപ്പെടുകയും ചെയ്തവരിൽനിന്നുള്ള നേരിട്ടല്ലാത്ത വീഞ്ഞാണ്.

b. ബെഥേലിൽ, ക്രിസ്തുവിന്റെ ശരീരമായ സഭയെന്ന ദൈവഭവനത്തിൽ, ആത്യന്തികമായി ഒരു പാനീയയാഗമായി നാം ഒഴിക്കപ്പെടണം—2 കൊരി. 12:15.

2 Cor. 12:15a എന്നാൽ ഞാൻ നിങ്ങളുടെ ദേഹികൾ നിമിത്തം അതിസന്തോഷത്തോടെ ചെലവിടുകയും തീർത്തും ചെലവായിപ്പോകുകയും ചെയ്യും....

**IV. അപ്പൊസ്തലനായ പൗലൊസ് വിശുദ്ധന്മാരുടെ വിശ്വാസയാഗത്തിനും സേവനത്തിനും മേൽ ഒഴിക്കപ്പെട്ട ഒരു പാനീയയാഗമായിത്തീർന്നു—ഫിലി. 2:17; 2 തിമൊ. 4:6:**

Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

2 Tim. 4:6 ഞാൻ ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ സമയം

അടുത്തിരിക്കുന്നു.

A. ഫലിപ്പിയർ 2:17-ലും 2 തിമൊഥെയൊസ് 4:6-ലുമുള്ള പാനീയയാഗത്തിന്റെ വീഞ്ഞ് പൗലൊസിനെ സാന്ദ്രീകരിക്കുകയും അവനെ വീഞ്ഞാക്കുകയും ചെയ്ത മത്തായി 9:17-ലെ ക്രിസ്തു (വീഞ്ഞ്) ആണ്.

Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

2 Tim. 4:6 ഞാൻ ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ സമയം അടുത്തിരിക്കുന്നു.

Matt. 9:17 പുതിയ വീഞ്ഞ് പഴയ തുരുത്തികളിലും വയ്ക്കാറില്ല; അല്ലെങ്കിൽ തുരുത്തികൾ പൊളിഞ്ഞു, വീഞ്ഞു ഒഴുകിപ്പോകുകയും, തുരുത്തികൾ നശിച്ചു പോകുകയും ചെയ്യുന്നു; പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ വയ്ക്കുന്നത്, അങ്ങനെ രണ്ടും ഭദ്രമായിരിക്കുന്നു.

B. പൗലൊസ് സഭയ്ക്കുവേണ്ടി ഒരു പാനീയയാഗമായിത്തീർന്നു; പാനീയയാഗം ദൈവാരാധനയ്ക്കു വേണ്ടി മാത്രമല്ല, അത് വിശേഷാൽ ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണെന്ന് ഇത് സൂചിപ്പിക്കുന്നു.

C. പാനീയയാഗത്തിന് ഒരു അടിസ്ഥാന യാഗം ആവശ്യമാണെന്ന തത്ത്വത്തെ അടിസ്ഥാനമാക്കി, അവനെതന്നെ പാനീയയാഗമായി ഒഴിക്കുവാൻ തക്കവണ്ണം വിശ്വാസികളുടെ വിശ്വാസ യാഗത്തെയും സേവനത്തെയും അടിസ്ഥാന യാഗമായി പൗലൊസ് കണക്കാക്കി—ഫിലി. 2:17:

Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

1. ഇവിടെ വിശ്വാസം എന്നത് വിശ്വാസികൾ ക്രിസ്തുവിനെ അനുഭവമാക്കിയതും ആസ്വദിച്ചതുമായ സകലതും ഉൾപ്പെടുന്നു; ആത്യന്തികമായി, അത് വിശ്വാസികൾ തങ്ങൾ ആയിരിക്കുന്നതും ഉൾപ്പെടുന്നു.
2. പൗലൊസിന് ഒരു പാനീയയാഗമായി അവനെത്തന്നെ ഒഴിക്കുവാൻ കഴിഞ്ഞ അടിസ്ഥാന യാഗം ഫിലിപ്പിയിലെ വിശ്വാസികളുടെ വിശ്വാസമായിരുന്നു:
   a. വിശ്വാസികളല്ല, വിശ്വാസികളുടെ വിശ്വാസമാണ് യാഗം.
   b. വിശ്വാസവും, വചനവും, ആത്മാവും ഒന്നാണ്—റോമ. 10:17: 8:9.

   Rom. 10:17 അതുകൊണ്ട് വിശ്വാസം കേൾവിയിൽ നിന്നും, കേൾവി ക്രിസ്തുവിന്റെ വചനത്തിലൂടെയും വരുന്നു.

   Rom. 8:9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.
3. ഫലിപ്പിയർ 2:17-ലെ വിശ്വാസം നാം ക്രിസ്തുവിനെ അനുഭവമാക്കിയതിന്റെയും, ആസ്വദിച്ചതിന്റെയും, നേടിയതിന്റെയും ആകത്തുകയാണ്:

   Phil. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ

പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

a. നാം ക്രിസ്തുവിനെ അനുഭവമാക്കിയതും ആസ്വദിച്ചതും നേടിയതും ദൈവത്തിന് അർപ്പിക്കുന്ന സൗരഭ്യയാഗമായിത്തീരുന്നു.
b. ക്രിസ്തുവിനെ ആസ്വദിക്കുന്നതിലൂടെ നാം ക്രിസ്തുവിനെ അനുഭവമാക്കുകയും, ക്രിസ്തുവിനെ നേടുകയും, ക്രിസ്തുവിനെ സ്വന്തമാക്കുകയും, നമ്മുടെ ആളത്തം ക്രിസ്തുവിനെക്കൊണ്ട് സംരചിക്കപ്പെടുകയും ചെയ്യുന്നു; ഇപ്രകാരം നമ്മുടെ വിശ്വാസം ദൈവത്തിന് അർപ്പിക്കുവാൻ കഴിയുന്നതും അതിന്മേൽ പാനീയയാഗം ഒഴിക്കുവാൻ കഴിയുന്നതുമായ ഒരു യാഗമായിത്തീരുന്നു.